**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2918** **12-07-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യഫെഡിലെ ക്രമക്കേടുമായി ബന്ധപ്പെട്ട അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി.ഉമ തോമസ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യസംഭരണ വിതരണ കേന്ദ്രമായ കൊല്ലം ശക്തികുളങ്ങരയിലെ കോമൺ പ്രീ പ്രോസസിംഗ് സെന്ററിൽ നടന്നതായി പറയപ്പെടുന്ന തട്ടിപ്പിന് മത്സ്യ ഇടപാടുകളുടെ മേൽനോട്ട ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായ ഗുരുതരമായ വീഴ്ച കാരണമായിട്ടുണ്ടെന്ന് ഫിഷറീസ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ശക്തികുളങ്ങരയിലെ കോമൺ പ്രീ-പ്രോസസിംഗ് സെന്ററിന്റെ പ്രവർത്തനങ്ങളുടെ മേൽനോട്ട ചുമതലയുണ്ടായിരുന്ന മാനേജർ ഇൻ ചാർജ്ജ് (മത്സ്യഫെഡ് ജില്ലാ മാനേജർമാർ) ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും യഥാസമയം ഉണ്ടാകേണ്ടിയിരുന്ന പരിശോധനകളും മേൽനോട്ട ചുമതലകളും നിർവഹിക്കുന്നതിലുണ്ടായ വീഴ്ചയാണ് ക്രമക്കേട് യഥാസമയം കണ്ടെത്താൻ കഴിയാതിരുന്നതിന് കാരണമെന്ന് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത തട്ടിപ്പിൽ താൽക്കാലിക ജീവനക്കാരനായ അക്കൗണ്ടന്റിനെ പിരിച്ചുവിടുകയും സ്ഥിരം ജീവനക്കാരനായ ജൂനിയർ അസിസ്റ്റന്റിനെ സസ്പെൻഡ് ചെയ്യുകയും ചെയ്തുകൊണ്ട് അഴിമതി മൂടിവയ്ക്കുവാനാണ് ശ്രമിക്കുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് ശക്തിപകരുന്നതാണോ പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്ന് വ്യക്തമാക്കുമോ;? | (ബി) | ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് കുറ്റക്കാർക്കെതിരെ കർശന നടപടിയെടുത്തിട്ടുണ്ട്. ക്രമക്കേട് കണ്ടെത്തിയതിനെതുടർന്ന് കോമൺ പ്രീ-പ്രോസസിംഗ് സെന്ററിലെ അക്കൗണ്ട്സ് കൈകാര്യം ചെയ്തിരുന്ന താത്കാലിക ജീവനക്കാരനായിരുന്ന ശ്രീ.എം.- മഹേഷിനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുകയും, സ്ഥിരം ജീവനക്കാരനായ ശ്രീ.കെ.അനിമോനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തു. കൂടാതെ,കരാർ ജീവനക്കാരനായ ശ്രീ.സി..മണിയപ്പനെ കരാർ കാലാവധി 31/5/2022-ന് അവസാനിച്ച മുറയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല കോമൺ പ്രീ പ്രോസ്സസിംഗ് സെന്റർ (സി.പി.സി) യുടെ മാനേജർ ചുമതല വഹിച്ചിരുന്ന ശ്രീമതി. ലിസി അഗസ്റ്റിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും, ശ്രീമതി. നീതു. പി.എസ്, പ്രോജക്ട് ഓഫീസർ (കരാർ), ശ്രീ. സഞ്ജയ് ഖാൻ, ഡെവലപ്മെന്റ് ഓഫീസർ (കരാർ), ശ്രീ. എസ്. അനീഷ്, പ്രോജക്ട് ഓഫീസർ (ദിവസവേതനം) എന്നിവരെ സർവ്വീസിൽ നിന്ന് പിരിച്ചു വിടുകയും നിലവിലെ മാനേജർ ഡോ. എം. നൗഷാദിനോട് വിശദീകരണം ആവശ്യപ്പെടുകയും |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിലെ തട്ടിപ്പിനെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ